## മഹാത്മാഗാന്ധി സർവ്വകലാശാല
## (സംഗ്രഹം)

ജീവനക്കാര്യം: വൈസ്-ചാൻസിലറുടെ ചില അധികാരങ്ങൾ പരീക്ഷാ കൺട്രോളർക്ക് നൽകികൊണ്ട് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭരണവിഭാഗം എ 1 സെക്ഷൻ

നം.4384/എ1/2/2017/ഭരണവിഭാഗം    തീയതി, പ്രിയദർശിനി ഹിൽസ്, 18.07.2017

---

സൂചന: 1. വൈസ്-ചാൻസിലറുടെ നോട്ട് നമ്പർ VC 702/161/2017 തീയതി 18.07.2017
2. സർവ്വകലാശാല ഉത്തരവ് നമ്പർ 4999/A1/2/2014/Admn തീയതി 08.10.2014
3. സർവ്വകലാശാല ഉത്തരവ് നമ്പർ 3039/എ1/2/2017/ഭരണവിഭാഗം തീയതി 22.05.2017

### ഉത്തരവ്

മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് 1997 ലെ, സ്റ്റാറ്റ്യൂട്ട് 14 A അദ്ധ്യായം 2 പ്രകാരം വൈസ്-ചാൻസിലറുടെ ചില അധികാരങ്ങൾ പ്രോ-വൈസ്-ചാൻസിലർ, രജിസ്ട്രാർ, ഭരണവിഭാഗം ജോയിൻറ് രജിസ്ട്രാർ (I) എന്നിവർക്ക് നൽകി കൊണ്ട് സൂചന (2) പ്രകാരം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രോ-വൈസ്-ചാൻസിലറുടെ സർവ്വകലാശാലയിലെ നിയമന കാലാവധി 22.04.2017 ൽ കഴിഞ്ഞതിനാൽ മേൽ സൂച്ചിപ്പിച്ചിരിക്കുന്ന സർവ്വകലാശാല ഉത്തരവ് പ്രകാരം പ്രോ-വൈസ്-ചാൻസിലർക്ക് നൽകിയിരുന്ന അധികാരം മഹാത്മാഗാന്ധി സർവ്വകലാശാല 1997 ലെ സ്റ്റാറ്റ്യൂട്ട് 14 A അദ്ധ്യായം 2 പ്രകാരം രജിസ്ട്രാർക്കും പരീക്ഷാ കൺട്രോളർക്കും നൽകികൊണ്ട് വൈസ്-ചാൻസിലർ ഉത്തരവായിരുന്നു. ഇതിൻ പ്രകാരം സൂചന (2) ലെ സർവ്വകലാശാല ഉത്തരവിൽ ഭേദഗതികൾ വരുത്തിക്കൊണ്ട് സൂചന (3) ലെ സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സൂചന (3) പ്രകാരം ഇറക്കിയ സർവ്വകലാശാല ഉത്തരവിൽ പ്രോ-വൈസ്-ചാൻസിലർക്ക് നൽകിയിരുന്ന ചില അധികാരങ്ങൾ വൈസ്-ചാൻസിലറിൽ നിലനിർത്തിയിരുന്നു. ഈ ഉത്തരവിലെ ക്രമ നമ്പർ 6, 28 എന്നിവയിൽ പരാമർശിച്ചിരിക്കുന്ന അധികാരങ്ങൾ പരീക്ഷാ കൺട്രോളർക്ക് നൽകികൊണ്ട് വൈസ്-ചാൻസിലർ ഉത്തരവായിരിക്കുന്നു. (ക്രമ നമ്പർ 6 ൽ പരാമർശിച്ചിട്ടുള്ള അധികാരം: പുന:പരിശോധന, ഗ്രേസ് മാർക്ക് നൽകുക, എന്നിവയെതുടർന്ന് പരീക്ഷ റിസൾട്ട് പരിഷ്കരിച്ച് അംഗീകരിക്കുന്നത് സംബന്ധിച്ച്, ക്രമ നമ്പർ 28 ൽ പരാമർശിച്ചിട്ടുള്ള അധികാരം: നിയമാനുസൃതമായി ഗ്രേസ് മാർക്ക് നൽകൽ).

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ശ്രീലത എൻ
അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം) I
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. വൈസ്-ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
2. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ, എന്നിവരുടെ പി.എ. മാർ
3. അസിസ്റ്റൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിൻറ് രജിസ്ട്രാർ (ഭരണവിഭാഗം/പരീക്ഷാ വിഭാഗം/അക്കാദമികം/ധനകാര്യം)
4. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. യൂണിവേഴ്സിറ്റി
5. പബ്ലിക് റിലേഷൻസ് ഓഫീസർ
6. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി.
7. റിക്കോഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

റഫറൻസ് നമ്പർ എഡി.എ1-2-30-2014